**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 14.08.2023**

# "കൈക്കൂലി കേസ്സിൽ മുൻ പഞ്ചായത്ത് സെക്രട്ടറിയെ കഠിന തടവിന് ശിക്ഷിച്ചു".

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന അബ്ദുൾ ഹക്കീമിനെയാണ് 10,000/- രൂപ കൈക്കൂലി വാങ്ങിയതിനാണ് കുറ്റക്കാരനാണെന്ന് കണ്ടെത്തി ബഹു : തൃശ്ശൂർ വിജിലൻസ് കോടതി ഇന്ന് (14/08/2023) 3 വർഷം കഠിന തടവിനും 2 ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്.

2007 ജൂൺ മാസം മുതൽ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന അബ്ദുൾ ഹക്കീം ചിറ്റൂർ താലൂക്കിൽ കൊല്ലങ്കോടുള്ള പരാതിക്കാരന്റെ മെഡിക്കൽ സെന്ററിന്റെ പുതിയ കെട്ടിടത്തിന് ലഭിച്ച കെട്ടിട നിർമ്മാണ അനുമതി നീട്ടികിട്ടുന്നതിനും, ഡീവിയേഷൻ പ്ലാൻ അംഗീകരിച്ചു കിട്ടുന്നതിനും വേണ്ടി കൊല്ലങ്കോട് ഗ്രാമ പഞ്ചായത് സെക്രട്ടറിയായിരുന്ന അബ്ദുൾ ഹക്കീം പരാതിക്കാരനിൽ നിന്നും 10,000/- രൂപ കൈക്കൂലി വാങ്ങിയതിന് 2007 സെപ്റ്റംബർ മാസം പാലക്കാട് വിജിലൻസ് മുൻ ഡി വൈ എസ് പി ശ്രീ. സഫിയുള്ള സയ്യദ് കൈയോടെ പിടികൂടിയതിലേക്ക് രജിസ്റ്റർ ചെയ്ത്, പാലക്കാട് മുൻ വിജിലൻസ് യൂണിറ്റ് ഡി വൈ എസ് പി ശ്രീ. സതീശൻ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ അബ്ദുൾ ഹക്കീമിനെ രണ്ടു വകുപ്പുകളിലായി 3 വർഷം വീതം കഠിന തടവിനും 1 ലക്ഷം രൂപ വീതം പിഴ ഒടുക്കുന്നതിനും ഇന്ന്

(14/08/2023) ബഹു : തൃശ്ശൂർ വിജിലൻസ്  കോടതി ശിക്ഷിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു. ആയതിനാൽ പ്രതിയായ അബ്ദുൾ ഹക്കിം 3 വർഷം കഠിന തടവും 2 ലക്ഷം രൂപ പിഴ ഒടുക്കിയാൽ മതിയാകും.  പ്രോസീക്യൂഷനു വേണ്ടി വിജിലൻസ് പബ്ളിക് പ്രോസിക്യൂട്ടർ ശ്രീ E. R സ്റ്റാലിൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.